# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2473     20.06.2012-ൽ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീമതി. കെ.കെ. ലതിക | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | 2011-2012 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നിർമ്മിക്കാനുള്ള പദ്ധതി ലക്ഷ്യം കണ്ടതായി കരുതുന്നുണ്ടോ; വിശദാംശം നൽകാമോ; | എ & ബി | പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 4225-01-277-93 MRS - കൾക്ക് കെട്ടിട നിർമ്മാണം എന്ന ശീർഷകത്തിൽ ആലുവ ബോയ്സ് MRS - ന് 9,54,000/- രൂപയും വടക്കാഞ്ചേരി MRS - ന് 1,93,06,000/- രൂപയും തൃത്താല MRS - ന് 1,60,89,000/- രൂപയും കുഴൽമന്ദം MRS - ന് 2,68,14,000/- രൂപയും തിരുവില്വാമല MRS - ന് 5,36,000/- രൂപയും പീരുമേട് MRS - ന് 5,36,000/- രൂപയും പീരുമേട് സ്റ്റാഫ് ക്വാർട്ടേഴ്സിന് 54,000/- രൂപയും ചേർത്ത് ആകെ 6,42,89,000/- രൂപ അനുവദിച്ചതിൽ 6,08,87,000/- രൂപ ചെലവായിട്ടുണ്ട്.<br><br>പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ 2608.42 ലക്ഷം രൂപയിൽ 2011-12 വർഷത്തിൽ 1500.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ, മലമ്പുഴ ആശ്രമം സ്കൂൾ, ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണം പൂർത്തിയായി വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതി ലക്ഷ്യം നേടാതെ പോയെങ്കിൽ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ? | | |

Sali K.J

സെക്ഷൻ ഓഫീസർ